# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുടക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-99/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-99/23 തീയ്യതി: 29/03/2023

## എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിജയകുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷൈനി പി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീഷ് ടി.എസ്., ഓഡിറ്റർ
ശ്രീ.മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി പി അവറാച്ചൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സേതു കെ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 19-04-2021 |
| ശ്രീമതി അതിഥിദേവി ഡി | സെക്രട്ടറി | 20-04-2021 | 09-10-2021 |
| ശ്രീ സേതു കെ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2021 | 31-10-2021 |
| ശ്രീമതി സാവിത്രിക്കുട്ടി പി എൻ | സെക്രട്ടറി | 01-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സേതു കെ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി അന്ന ബേബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.രജിക കുട്ടപ്പൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുടക്കുഴ | 01-04-2021 | 31-03-2022 |
| ഡോ അഹിത എ കാദർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.സ്മിത കെ മോഹൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ജെസി എ എസ് | വെറ്ററിനറി സർജൻ (തുരുത്തി) | 01-04-2021 | 31-03-2022 |
| ഡോ. അനിൽ എ ബി | വെറ്ററിനറി സർജൻ (മുടക്കുഴ) | 01-04-2021 | 31-03-2022 |
| ശ്രീമതി ഹാജറ പി എച്ച് | കൃഷി ഓഫീസർ | 01-04-2021 | 23-08-2021 |
| ശ്രീമതി സൌമ്യ സണ്ണി | കൃഷി ഓഫീസർ | 24-08-2021 | 02-11-2021 |
| ശ്രീമതി അഞ്ജന എസ് | കൃഷി ഓഫീസർ | 03-11-2021 | 31-03-2022 |
| ശ്രീമതി രജിത എൻ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 01-06-2021 |
| ശ്രീമതി ജെസ്മൽ ഹൈന | ഐ സി ഡി എസ് സൂപ്പർവൈസർ | 02-06-2021 | 31-03-2022 |
| ശ്രീമതി രമണി പി പി | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, മുടക്കുഴ | 01-04-2021 | 26-10-2021 |
| ശ്രീമതി മിനി ജോസഫ് | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, മുടക്കുഴ | 27-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ജാൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 02-07-2021 |
| ശ്രീ രമേഷ് കുമാർ സി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 03-07-2021 | 20-10-2021 |
| ശ്രീ ഗിരീഷ് നായ്ക്ക് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-10-2021 | 31-12-2021 |
| ശ്രീമതി ജാൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2022 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, മറ്റ് സംരഭകത്വ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-13 |
| 15 | വസ്തു നികുതി നിർണ്ണയത്തിൽ കുറവ് | 1-14 |
| 16 | ആവശ്യമായ പാർക്കിംഗ് സൗകര്യം ലഭ്യമാക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി | 1-15 |
| 17 | ഓഡിറ്റ് ഇംപാക്ട് | 1-16 |
| 18 | ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-17 |
| 19 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു. | 1-18 |
| 20 | പാലിയേറ്റീവ് ആംബുലൻസ് ഡ്രൈവർക്ക് 3650 രൂപ അധിക വേതനം നൽകി | 1-19 |
| 21 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. | 1-20 |
| 22 | വനിത തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-21 |
| 23 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- | 1-22 |
| 24 | മുടക്കുഴ തോട് ശുചീകരണം - സ്റ്റാക്ക് ചെയ്ത മണ്ണിന്റെ ലേലം നടത്താത്തത് മൂലം പഞ്ചായത്തിന് നഷ്ടം | 1-23 |

| | | |
|---|---|---|
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-24-1 |
| 27 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-25 |
| 28 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-26 |
| 29 | നായകൾക്ക് ലൈസൻസ് | 1-27 |
| 30 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണം പൂർത്തിയാക്കിയില്ല | 1-28 |
| 31 | എസ്.സി.കുടുംബങ്ങൾക്ക് സൗര റാന്തൽ - വിതരണം പൂർത്തിയാക്കിയില്ല | 1-29 |
| 32 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ –നടപടി സ്വീകരിച്ചില്ല | 1-30 |
| 33 | തൊഴിലുറപ്പ് മെറ്റീരിയൽ സപ്ലൈ-സ്രോതസ്സിൽ നിന്ന് ജി എസ് ടി കുറവ് ചെയ്തില്ല | 1-31 |
| 34 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം -ഗുണഭോക്തൃവിഹിതം അടവാക്കിയില്ല | 1-32 |
| 35 | ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി)- ഗുണഭോക്താവിന് 7500/ രൂപ അധികം അനുവദിച്ചു | 1-33 |
| 36 | പുരയിടകൃഷി വികസനം സംബന്ധിച്ച് | 1-34 |
| 37 | കേരസംരക്ഷണ പദ്ധതി | 1-35 |
| 38 | സാക്ഷരത പ്രേരക്കിന് ഹോണറേറിയം | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി)- ഗുണഭോക്താവിന് 7500/- രൂപ അധിക അനുവദിച്ചു | 3-1 |
| 2 | പാലിയേറ്റീവ് ആംബുലൻസ് ഡ്രൈവർക്ക് 3650/ രൂപ അധിക വേതനം നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 26.02.2022 തീയതിയിൽ നടന്ന അടിയന്തിരയോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളും താഴെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 7241986 | 13596169 | 6354183 |
| വരവ് | 132707965 | 65059026 | 67648939 |
| ആകെ | 139949951 | 78655195 | 61294756 |
| ചെലവ് | 131782846 | 64463495 | 67319351 |
| നീക്കിയിരിപ്പ് | 8167105 | 14191700 | 6024595 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021- 2022ലെ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 20.08.2022 |

വാർഷിക ധനകാര്യപത്രിക യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.01.2023 ലെ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടികൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)). അക്കൗണ്ട്സ് മാനവലിൽ മാതൃക ലഭ്യമാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതാണെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

2) നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയായി 460500201 ഹെഡ്ഡിൽ ചേർത്തിട്ടുള്ളത് 170000/-രൂപയാണ്. കെ എസ് ഇ ബി-ക്ക് പ്രൊജക്ട് നമ്പർ 83/22 പ്രകാരം നൽകിയ 12479/- രൂപ നൽകിയിട്ടുള്ളത് ഈയിനത്തിലെ മുൻകൂർ തുകയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇനിയുള്ള വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചു.

3) B 11 ഷെഡ്യൂളിൽ ആസ്തി വിവരങ്ങളായി Other Fixed Assets എന്ന ഹെഡ്ഡിൽ 347548/- രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി ചേർത്തിട്ടില്ല. എന്നാൽ B 11(A) ഷെഡ്യൂളിൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ചേർത്തിട്ടുണ്ട്. ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി ചേർക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

4) B 1 ഷെഡ്യൂളിൽ പഞ്ചായത്ത് ഫണ്ട് കണക്കാക്കാൻ Excess Of Income Over Expenditure ആയി -47810348 രൂപയാണ് കണക്കിലെടുത്തിട്ടുള്ളത്. എന്നാൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് -12346162 ആണ്. സോഫ്റ്റ്‌വെയർ ജനറേറ്റഡ് ആയതിനാൽ ഐ കെ എം-നെ അറിയിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

5) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 595531/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1454438/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. ഐ കെ എം-മുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13596169/- |
| ഓഡിറ്റ് വർഷത്തെ വരവ് | 65059026/- |
| ആകെ | 78655195/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64463495/- |
| നീക്കിയിരിപ്പ് | 14191700/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11150/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 480904/- |

## 1-4 ഗ്രാന്റ് വിനിയോഗം

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9785792 | 9785792 | 8920604 | 0 | 865188 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5503815 | 5503815 | 4676723 | 0 | 827092 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21489000 | 21489000 | 13834799 | 0 | 7654201 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4929551 | 4929551 | 3673597 | 0 | 1255954 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 1018099 | 1018099 | 781829 | 0 | 236270 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 0 | 2021000 + 56447 (പലിശ) | 2077447 | 14236 | 2063211 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 3151707 | 3151707 | 1151931 | 0 | 1999776 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 0 | 3031000 | 3031000 | 0 | 3031000 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം 320100196 | 32308 | 807001 | 839309 | 839309 | 0 | |
| സാനിട്ടേഷൻ 320100181 | 19 | 0 | 19 | 0 | 19 | |
| NPPD | 1250000 | 0 | 1250000 | 0 | 1250000 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| വിമുക്തി, ആശ്രയ,കില 320300199 | 1350948 | 11073 | 1362021 | 1344406 | 17615 | |
| 320200399 (ലൈഫ്-സംസ്ഥാന വിഹിതം) | 160000 | 1100000 | 1260000 | 1260000 | 0 | |
| ശുചിത്വമിഷൻ 320100198 | 851877 | 130,000 | 981877 | 0 | 981877 | |
| ഖരമാലിന്യ സംസ്കരണം 320200304 | 400416 | 0 | 400416 | 0 | 400416 | |

| | | | | | | |
|---|---|---|---|---|---|---|
| സാനിട്ടേഷൻ 320300103 | 1656956 | 0 | 1656956 | 734415 | 922541 | |
| 320200309 സാക്ഷരത | 7210 | 211 | 7421 | 0 | 7421 | |
| നിർമ്മൽ പുരസ്കാർ | 126 | 0 | 126 | 0 | 126 | |
| 320800199 ജനകീയ ഭവനപദ്ധതി | 1165 | 36 | 1201 | 0 | 1201 | |
| 320100125 ഐ സി ഡി എസ്-സർവീസ് | 54000 | 10000 | 64000 | 0 | 64000 | |
| | | | | | | |

| ഫണ്ടിനം | ജി ഒ പ്രൊജക്ട് | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1362844 | 93640 |
| വികസന ഫണ്ട് (എസ്.സി.പി) | 452023 | 650337 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 4856320 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 228615 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | | 781829 |

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് ആശാസ്യമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 82023615 | 109 | 43730166 | 46 | 50 | 53.17% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 24704 | 512810 + 5987 (പലിശ) | 543501 | 542422 | 1079 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 15629375 | 15629375 | 15629375 | -- |
| ആകെ | 24704 | 16148172 | 16172876 | 16171797 | 1079 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6226500 | 381 |
| വിധവാപെൻഷൻ | 12048200 | 777 |
| വാർദ്ധക്യകാലപെൻഷൻ | 20297100 | 1420 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4609900 | 296 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 812000 | 53 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023 ഉച്ചകഴിഞ്ഞ് 3 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2443/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഐ എൽ ജി എം എസ് മുഖാന്തിരമാണ് നിലവിൽ ഓഫീസ് പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത്. ഓഫീസ് ഉത്തരവ് മുഖേന വിവിധ സെക്ഷനുകൾക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ തീർപ്പാക്കൽ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കാൻ നിലവിൽ സാധിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ താഴെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ സൂക്ഷിക്കണമെന്ന മുൻ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം ഇനിയും നടപ്പാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഇതിൽ തെരുവ് വിളക്കിന്റെ ഇനം 'ബൾബ്' എന്ന് മാത്രമാണ് ചേർത്തിട്ടുള്ളത്. എത്ര വാട്ട്-ന്റെയാണെന്നോ, ഏത് ഇനം ആണെന്നോ രേഖപ്പെടുത്തിയിട്ടില്ല. ട്യൂബുകളുടെ വിവരം രജിസ്റ്ററിൽ ഇല്ല.
2. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയോ, മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്നതിന്റെയോ രേഖകൾ സൂക്ഷിച്ചിട്ടില്ല. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം കണക്കാക്കി ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.
4. രസീത് ബുക്കുകൾ ഉപയോഗിച്ച് നടത്തുന്ന പണം പിരിവുകളുടെ ദൈനംദിന പിരിവ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ ബുദ്ധിമുട്ടാണ്. അച്ചടിച്ച രസീതുകൾ ഉപയോഗിക്കുന്ന പക്ഷം ദൈനംദിന പിരിവ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
5. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിൽ സ്കോളർഷിപ്പ് പദ്ധതിയുടേതൊഴികെയുള്ള പദ്ധതികളിലെ സാമ്പത്തികാനുകൂല്യം ഗുണഭോക്താവിന് ലഭ്യമായെന്ന് ഉറപ്പ് വരുത്തുന്നതിന് UTR സ്റ്റാറ്റസ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2021 | 01.11.2020 മുതൽ 31.12.2020 വരെ | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 - 22.04.2015 | 2010-11 മുതൽ 2014-15 വരെ | 08.06.2015 |

## 1-11 ഗ്രാമസഭ

2022 വർഷത്തിൽ പഞ്ചായത്തിലെ 13 വാർഡുകളിലും മൂന്ന് തവണ വീതം ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഗ്രാമസഭ ക്വാറം തികഞ്ഞാണ് കൂടിയിട്ടുള്ളത്. 2022-23 ലെ ഗുണഭോക്തൃ ലിസ്റ്റിന് സാധൂകരണം, 2022-23 ലെ ലേബർ ബജറ്റ്, എൻ.ആർ.ഇ.ജി.എസ് വിജിലൻസ് കമ്മറ്റി രൂപീകരണം എന്നിവയ്ക്കായാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. മിനിറ്റ്സ് ബുക്കുകൾ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും.

ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 29 | പി ജി വിനോദ് കുമാർ | പനമ്പിള്ളി ഫുഡ്സ് & ബിവറേജസ് | 9 |
| 2 | 34 | ദീപലാൽ, അനിൽലാൽ | ലാൽ അഗ്രോട്രോപ്പിക് പ്രൈ. ലിമിറ്റഡ് | 17 |
| 3 | 46 | നിജോ ജോൺ | വുഡ് സൈൻസ് | 5 |
| 4 | 48 | ഷിജി സന്തോഷ് | എസ്.എസ് പോളിമേഴ്സ് | 5 |
| 5 | 52 | ഏലിയാസ് വി ജോർജ് | റോയൽ സോളിഡ് ബ്രിക്സ് | 10 |
| 6 | 54 | സി എം ബാബു | എൽടെക്ക് കൺട്രോൾസ് | 5 |
| 7 | 68 | പി പി ഷൈജു | പി.വി.പി&സൺസ് ടിമ്പേഴ്സ് & ഹാന്റിക്രാഫ്റ്റ്സ് | 5 |
| 8 | 77 | ജോർജ് പി വി | പയ്യപ്പിള്ളി നാച്ചുറൽ എക്സ്ട്രാക്റ്റ് | 5 |
| 9 | 87 | ലിബിൻ സി ബാലൻ | എൽ & വി പോളിമേഴ്സ് | 5 |
| 10 | 90 | കുഞ്ഞിക്കണ്ണൻ | കൊച്ചിൻ ഫൈബർ ഗ്ലാസ് പ്രൊഡക്ട്സ് | 6 |
| 11 | 94 | എൽദോ പി വർഗീസ് | മാജിക് ഫർണിച്ചർ | 15 |
| 12 | 100 | സജീവ് കെ ജോർജ് | എക്സൽ റോക്ക് പ്രൊഡക്ട് | 7 |
| 13 | 119 | എം പി ബിജു | സുശ്രുത ഫാർമസ്യൂട്ടിക്കൽസ് | 5 |
| 14 | 126 | സുരേഷ് എൻ എസ് | നെടിയറ കോൺക്രീറ്റ് പ്രൊഡക്ട്സ് | 8 |
| 15 | 128 | നാരായണൻ നായർ | കേരം ഓയിൽ മിൽസ് | 24 |
| 16 | 142 | ഷിബു എം ഡി | എസ് എം പോളിമേഴ്സ് | 9 |
| 17 | 170 | അനിൽകുമാർ | പെരിയാർ പ്രൊഡക്ട്സ് | 9 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17, തീയതി 23.01.2023) മറുപടി ലഭിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവർക്ക് ബാധകമായ നിരക്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, മറ്റ് സംരഭകത്വ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

### A)റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, മറ്റ് സംരഭകത്വ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ എന്നിവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) ഗ്രാമപഞ്ചായത്തിലെ അബ്കാരി ഷാപ്പുകളുടെ വിവരങ്ങൾ (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്നു. ഷാപ്പുകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18, തീയതി. 23.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഷാപ്പുകൾക്ക് ലൈസൻസ് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | ഷാപ്പുകൾ |
|---|---|
| 1 | പാണ്ടിക്കാട് |
| 2 | പ്രളയക്കാട് |
| 3 | ആനകല്ല് |
| 4 | കാട്ടൂർ |
| 5 | പെട്ടമല |
| 6 | എളംമ്പകപ്പിള്ളി |
| 7 | അകനാട് |

2) 2021-22 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻ കടകളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18, തീയതി. 23.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B) ഫയർ NOC ഇല്ലാതെ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചു

മുടക്കുഴ ഗ്രാമപഞ്ചായത്ത് 1/69 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജീയെം അഗ്രോമിൽസ് എന്ന സ്ഥാപനത്തിന്റെ പവർ 650 എച്ച് പി ആക്കി വർദ്ധിപ്പിച്ച് ലൈസൻസ് അനുവദിക്കുന്നതിനുള്ള ശ്രീ തോമസ് മാത്യു, മൂന്നുകണ്ടത്തിൽ സമർപ്പിച്ച അപേക്ഷയോടൊപ്പം 158 HP മെഷിനറിയ്ക്ക് മാത്രമാണ് ഫയർ NOC (നം.A-2287/14, തീയതി. 29.04.2014) ഹാജരാക്കിയിട്ടുള്ളത്. ഈ ഫയർ NOC യിൽ വാലിഡിറ്റി രേഖപ്പെടുത്തിയിട്ടില്ല. 10.08.2021 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ അജണ്ട 9 തീരുമാന നമ്പർ 2 പ്രകാരം, ഒരു മാസത്തിനകം 650 എച്ച്.പി ക്കുള്ള ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്ന നിബന്ധനയോടെ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. 6/2021-22 (തീയതി. 06.08.2021) ലൈസൻസ് പ്രകാരം 06.08.2021 മുതൽ 31.03.2022 വരെ 650 HP -ക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെ പുതിയ ഫയർ NOC ഹാജരാക്കിയിട്ടില്ല. പുതിയ ഫയർ NOC ലഭ്യമാക്കാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20, തീയതി. 23.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതു വരെയും ഫയർ NOC ലഭ്യമാക്കാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യത്തിന്, അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്തേണ്ടതാണ്. പഞ്ചായത്തിൽ ഒക്യുപൻസി അനുവദിച്ച കെട്ടിടങ്ങൾക്ക് ഇപ്രകാരം വർദ്ധന വരുത്താത്തതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

I)കെട്ടിട നമ്പർ - 9/447/I – പാർപ്പിടം

| | നിർണ്ണയിച്ചിട്ടുള്ളത് @ 6/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @6/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 1762.82*6= 10576.92 | 1762.82*6= 10576.92 | 13882-11662= 2220/- |
| വർദ്ധനവ്(വഴി സൗകര്യം)20% | ഇല്ല | 10576.92* (20/100)= 2115.38 | |
| വർദ്ധനവ് (തറ നിർമ്മിതി) 15% | 10576.92*(15/100)= 1586.54 | 10576.92* (15/100)= 1586.54 | |
| ഇളവ് | 10576.92*(10/100)= | 10576.92* | |

| | | |
|---|---|---|
| (മേഖല- ദ്വിദീയം) 10% | 1057.69 | (10/100)= 1057.69 |
| വസ്തുനികുതി (അടിസ്ഥാനവാർഷിക വസ്തുനികുതി+ വർദ്ധന- ഇളവ്) | 11106 | 13221 |
| ലൈബ്രറി സെസ്സ് 5% | 11106*(5/100)= 556 | 13221*(5/100)=661 |
| ആകെ നികുതി | 11106+556= 11662 | 13221+661= 13882 |

II) കെട്ടിട നമ്പർ - 10/97/A – ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ (ഒക്യുപൻസി ചേഞ്ച്)

| | നിർണ്ണയിച്ചിട്ടുള്ളത് @ 50/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @50/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 315*50= 15750 | 315*50= 15750 | 14884-11577= 3307/- |
| വർദ്ധനവ്(വഴി സൗകര്യം)20% | ഇല്ല | 15750*(20/100)= 3150 | |
| ഇളവ് ( കാലപ്പഴക്കം 10 വർഷം മുതൽ 25 വർഷത്തിൽ താഴെ വരെ) 10% | 15750*(10/100)= 1575 | 15750*(10/100)= 1575 | |
| ഇളവ് (മേഖല- ദ്വിദീയം) 10% | 15750*(10/100)= 1575 | 15750*(10/100)= 1575 | |
| ഇളവ് (കുറഞ്ഞതരം മേൽക്കൂര) 10% | 15750*(10/100)= 1575 | 15750*(10/100)= 1575 | |
| വസ്തുനികുതി (അടിസ്ഥാനവാർഷിക വസ്തുനികുതി+ വർദ്ധന- ഇളവ്) | 11025 | 14175 | |
| ലൈബ്രറി സെസ്സ് 5% | 11025*(5/100)= 552 | 14175* (5/100)=709 | |
| ആകെ നികുതി | 11025+552= 11577 | 14175+709= 14884 | |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 32, 24 തീയതി. 24.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-15 ആവശ്യമായ പാർക്കിംഗ് സൗകര്യം ലഭ്യമാക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി

കെ പി ബി ആർ 2019 പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 1200 ച.മീ. വരെ ഫ്ലോർ ഏരിയയുള്ള കെട്ടിടങ്ങൾക്ക് 90 ച.മീ. ഫ്ലോർ ഏരിയക്ക് 1 എന്ന തോതിൽ പാർക്കിംഗ് സൗകര്യം ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം പാർക്കിംഗ് ഏരിയ കണക്കാക്കുമ്പോൾ ഭിന്ന സംഖ്യ വന്നാൽ അടുത്ത വലിയ പൂർണ്ണ സംഖ്യയായി കണക്കാക്കേണ്ടതാണ്. കൂടാതെ കാർ പാർക്കിംഗിന് ആവശ്യമായ ഏരിയയുടെ 25% ടൂവീലർ പാർക്കിംഗിന് അധികമായി ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം പെർമിറ്റ് അനുവദിച്ച വാണിജ്യ കെട്ടിടത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനായി നൽകിയ അപേക്ഷയിൽ മതിയായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകിയതായി കാണുന്നു. ടി കെട്ടിടത്തിന് തൻവർഷം നികുതി നിർണ്ണയം നടത്തി നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) കാർ പാർക്കിംഗിന്റെ എണ്ണം

| പെർമിറ്റ് നം, തീയതി | അപേക്ഷകന്റെ പേര്, കെട്ടിടനം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം, പ്ലാൻ പ്രകാരമുള്ള പാർക്കിംഗിന്റെ എണ്ണം | ആവശ്യമായ പാർക്കിംഗിന്റെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| A3- BA(73396)/22, 25.02.2022 | സാലി പൗലോസ്, 3/129/B | 924.3ച. മീ, 10 എണ്ണം | 924.3/90=10.27, 11 എണ്ണം |

2)ടൂവീലർ പാർക്കിംഗിന്റെ എണ്ണം

| ആവശ്യമായ ടൂവീലർ പാർക്കിംഗിന്റെ ഏരിയ (കാർ പാർക്കിംഗിന്റെ 25% ഏരിയ) | ആവശ്യമായ ടൂവീലർ പാർക്കിംഗിന്റെ എണ്ണം | പ്ലാൻ പ്രകാരമുള്ള ടൂവീലർ പാർക്കിംഗിന്റെ എണ്ണം |
|---|---|---|
| (11*5.5*2.7*25)/100= 40.83 | 40.83/(3*1.5)=9 | 3 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25, തീയതി. 24.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കെ.പി.ബി.ആർ 2019 പ്രകാരമുള്ള പാർക്കിംഗ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ കെട്ടിടം ക്രമവത്കരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഓഡിറ്റ് ഇംപാക്ട്

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികളിലുണ്ടായിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 36445/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

*1. യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.*

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ചൂണ്ടക്കുഴി ലക്ഷം വീട് കോളനി നവീകരണം (204/22) എന്ന പ്രവൃത്തിയിൽ യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.28/24.01.23) നൽകിയതിന്റെ അടിസ്ഥാനത്തിൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 3386/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രസീത് നം. 1220102717/25.01.23)

*2. മുടക്കുഴ തോട് ശുചീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു.*

മുടക്കുഴ തോട് ശുചീകരണം എന്ന പ്രവൃത്തിയിൽ 100% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) ആയതിനാൽ ടി പ്രവർത്തിയിൽ 5% ജി.എസ്.റ്റിയാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 12% GST അനുവദിച്ചതുമൂലം 33059/-രൂപയുടെ അധികചെലവ് വന്നിട്ടുണ്ട്. അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി (നം.26/24.01.23) നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക33059/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രസീത് നം. 1220102723/25.01.23) പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ത.സ്വ.ഭ.വ. ചീഫ് എഞ്ചിനിയറുടെ 17.8.17 ലെ ഡിബി1/7942/2010/സി ഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും ) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ടി ആവശ്യത്തിനായി എസ്.ബി.ഐ പെരുമ്പാവൂർ ശാഖയിലുള്ള കറന്റ് അക്കൗണ്ടാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത പാസ്സ് ബുക്ക് പ്രകാരം ടി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് 8.5.2019 ലാണെന്ന് കാണുന്നു. എന്നാൽ 23.12.2021മുതലാണ് ഇ-ടെണ്ടർ ഇനത്തിലുള്ള തുകകൾ ടി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇ ടെണ്ടർ ഇനത്തിലുള്ള വരവിന് പുറമേ മറ്റ് വരവ്- ചെലവുകളും ടി അക്കൗണ്ടിൽ നിന്നും നടത്തിയിട്ടുള്ളതായി കാണുന്നു. (തനത് ഫണ്ട്, ട്രഷറിയിൽ നിന്നുളളവ) പ്രസ്തുത അക്കൗണ്ടിലെ 27.12.2022 ലെ നീക്കിയിരുപ്പ് 262545/- രൂപയാണ്. ടി നീക്കിയിരുപ്പിൽ ഉൾപ്പെട്ട ഇ ടെണ്ടർ ഫീ കൃത്യമായി കാണക്കാക്കി (ബാങ്ക് സ്റ്റേറ്റ്മെന്റ്, ഓർഗനൈസേഷൻ കളക്ഷൻ റിപ്പോർട്ട് എന്നിവ പരിശോധിച്ച്) ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/17.01.23) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ടി ഇനത്തിൽ ലഭ്യമായ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്നും, പ്രസ്തുത അക്കൗണ്ട് ഇനി മുതൽ ഇ ടെണ്ടറിനു മാത്രമായി ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-18 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/17.1.23) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 പാലിയേറ്റീവ് ആംബുലൻസ് ഡ്രൈവർക്ക് 3650 രൂപ അധിക വേതനം നൽകി

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ പി.എച്ച്. സി യിൽ 2021 ജൂൺ മാസത്തിൽ പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട ഭവന സന്ദർശനത്തിന് ആംബുലൻസ് ഓടിച്ച ഇനത്തിൽ ഡ്രൈവർ വിപിൻ പി എന്നയാൾ വേതനം ഇനത്തിൽ 3650/ രൂപ കൈപറ്റിയിട്ടുണ്ട്. ഡി.സി.സി യിൽ ഡ്യൂട്ടി ആയിരിക്കെ (ഈ ദിവസങ്ങളിൽ ടിയാൾ ഡി.സി.സി.യിൽ ഡ്യൂട്ടിയിൽ ആയിരുന്നു) പാലിയേറ്റീവ് ആംബുലൻസ് ഓടിച്ച ഇനത്തിൽ 3650/രൂപ വേതനം നൽകി. ഇതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 31/24.01.23) ന് നൽകിയ മറുപടിയിൽ ജൂൺ 24 മുതൽ ആംബുലൻസ് രജിസ്റ്റർ ഓടിച്ചതായി പറയുന്നു. മറുപടി തൃപ്തികരമല്ല. വിശദവിവരം ഭാഗം 3-2 രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-20 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | അരിമാലി റോഡ് പൂർത്തീകരണം(182/22) സോജൻ.എൻ.ജോർജ് പി.എ.സി -725253/- പ്രവൃത്തിമൂല്യം -729401/- ബിൽ നം.- 08267/6.08.21 | 01.01.2020<br>120 ദിവസം<br>30.04.2020 | 30.03.2021 | 30461 (3+1.2%) | 7294 | 23167 |
| 2 | കൽക്കൂട്ടം റോഡ് സൈഡ് കെട്ടൽ ടാറിംഗ് | 21.12.19<br>6 മാസം | 6.05.21 | 26274 | 10005 | 16269 |

| | | | | | | |
|---|---|---|---|---|---|---|
| | (174/21) ബിനോയി ജേക്കബ് പി.എ.സി -729841/- പ്രവൃത്തിമൂല്യം -794732/- ബിൽ നം.- 19150/29.12.21 | 20.6.20 | | | | |
| 3 | വനിത തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം(147/22) കെ.എം.റോയി പി.എ.സി -1497125/- പ്രവൃത്തിമൂല്യം -1454028/- ബിൽ നം.- 26179/23.3.22 | 21.1.2020 6മാസം 20.7.2020 | 27.4.21 | 44914 | -- | 44914 |
| | ആകെ | | | | | 84350 |

മേൽ പ്രവൃത്തികളിൽ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്.

ക്രമ നം.(2) ഹാജരാക്കിയ അളവ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 1.02.21 ലാണ്. കേവലം 4 മാസം മാത്രം ആവശ്യമായിരുന്ന ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഒന്നര വർഷത്തോളം കാലതാമസ്സം ഉണ്ടായിട്ടുള്ളത് കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ മൂലമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 29/24.01.23) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പിഴ ഈടാക്കുന്നതിന് കരാറുകാർക്ക് കത്ത് നൽകിയതായും, കോവിഡ് ലോക്ക്ഡൗൺ മൂലമാണ് താമസം വന്നിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

കോവിഡ് കാലയളവിൽ ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴ കൂടാതെ 6 മാസം വരെ നീട്ടി നൽകിയിട്ടുണ്ട്.( ജി.ഒ നം. 1444/21/തസ്വഭവ. തീ.31.7.21) ആയതിനാൽ ടി പ്രവൃത്തികൾക്ക് പ്രസ്തുത 6 മാസത്തിൽ അധികരിച്ചുള്ള കാലതാമസ്സത്തിന് 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. (പ്രവൃത്തി പൂർത്തീകരണത്തിന് 6മാസം അധിക കാലയളവ് അനുവദിച്ചാണ് പിഴ കണക്കാക്കിയിട്ടുള്ളത്)

## 1-21 വനിത തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 147/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | കെ.എം.റോയി |
| എം.ബുക്ക് | : | 508/19-20, 107/20-21 |
| പ്രവൃത്തി മൂല്യം | : | 1454028/- |
| ബിൽ നം. | : | ടി.ആർ.എൻ - 26179/23.03.22 |

2019-20 സാമ്പത്തിക വർഷത്തിൽ 16.87 ലക്ഷം രൂപ അടങ്കലിൽ ഏറ്റെടുത്ത പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് 27.4.21 ലാണ്. എന്നാൽ ടി കെട്ടിടത്തിൽ നിലവിലും ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ ചെയ്തിട്ടില്ല.

നിലവിൽ ഇവിടെ യാതൊരു വിധത്തിലുള്ള പരിശീലന പരിപാടികളും നടത്തുന്നില്ലാത്തതായി കാണുന്നു. വനിത തൊഴിൽ പരിശീലന കേന്ദ്രത്തിനായി 15 ലക്ഷത്തോളം രൂപ ചെലവഴിച്ച് ഒരു വർഷത്തോളം കഴിഞ്ഞിട്ടും നാളിതുവരെ പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/24.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കേവലം പദ്ധതി തുക ചെലവഴിക്കുക എന്ന പ്രവർത്തി മാത്രമാണ് ഇവിടെ നടത്തിയിട്ടുള്ളത്. പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്താത്തതുമൂലം തുക ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതിയിൽ വിഭാവനം ചെയ്ത പോലെ വനിത തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

(2) പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്കായി സൂക്ഷിച്ചിരിക്കുന്നു.

(3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/23.01.23)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 മുടക്കുഴ തോട് ശുചീകരണം - സ്റ്റാക്ക് ചെയ്ത മണ്ണിന്റെ ലേലം നടത്താത്തത് മൂലം പഞ്ചായത്തിന് നഷ്ടം

മുടക്കുഴ തോട് ശുചീകരണം (153/22) എന്ന പദ്ധതിയുടെ ഭാഗമായി മുടക്കുഴ തോടിന്റെ ആഴം കൂട്ടിയപ്പോൾ ലഭിച്ച മണ്ണ് തോടിന്റെ വശങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതായും, ആയത് ലേലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി അസി.എഞ്ചിനീയർ 30.12.21 ൽ സെക്രട്ടറിയ്ക്ക് കത്ത് നല്കിയിരുന്നു. 2207.03 എം ക്യൂബ് മണ്ണിന് 165/- രൂപ നിരക്കിൽ 364259/- രൂപ അടിസ്ഥാനവിലയാക്കി ലേലം ചെയ്യാവുന്നതാണ് എന്നുള്ള അസി.എഞ്ചിനിയറുടെ കത്ത്, സർവ്വേ റിപ്പോർട്ട് എന്നിവ പ്രകാരം ലേലം ചെയ്യുന്നതിനും ഇത് സംബന്ധിച്ച് വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിലേക്കും മൈനിംഗ് & ജിയോളജി വകുപ്പിനും കത്ത് നൽകുന്നതിനും 31.12.21 ലെ പഞ്ചായത്ത് കമ്മിറ്റി (തീരു. 1(2))തീരുമാനിച്ചതായി കാണുന്നു. എന്നാൽ ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ലേലം നടത്തിയിട്ടുള്ള പക്ഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/24.01.23 ) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ലേലം പഞ്ചായത്ത് ഓഫീസിൽ വെച്ച് 16.3.22 ൽ നടത്തുകയും ഏറ്റവും ഉയർന്ന തുകയായ 366000/- രൂപയ്ക്ക് ശ്രീ.സത്താർ.പി.എ എന്നയാൾക്ക് ലേലം ഉറപ്പിച്ച് നൽകിയിരുന്നതായും, എന്നാൽ ടിയാൻ ലേല തുക ഒടുക്കാത്തതിനെ തുടർന്ന് ടിയാനെ ലേലത്തിൽ നിന്നും ഒഴിവാക്കുന്നതിനും, ടിയാൻ ഒടുക്കിയിട്ടുള്ള ഇ.എം.ഡി തുക 10000/- രൂപ തനത് ഫണ്ടിലേയ്ക്ക് വക ചേർക്കുന്നതിനും 31.3.22 ലെ 9(3) കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റി തീരുമാനം പരിശോധിച്ചതിൽ ലേലം കൊണ്ടയാൾ തുകയൊന്നും ഒടുക്കിയിട്ടില്ലാത്ത സാഹചര്യം സെക്രട്ടറി അറിയിച്ചതായും, പ്രസ്തുത വിഷയത്തിൽ തീരുമാനം എടുക്കുന്നതിനായി പിന്നീട് മാറ്റിവെച്ചതായാണ് കാണുന്നത്. ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മണൽ ലേലം നടത്തുവാൻ തീരുമാനം എടുത്ത് ഒരു വർഷം പൂർത്തിയായിട്ടും പ്രസ്തുത തീരുമാനം നടത്തുവാൻ സാധിച്ചിട്ടില്ല എന്നത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ഇതുമൂലം പഞ്ചായത്തിന് 3.65 ലക്ഷത്തോളം രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. ടി വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| ഐ കെ എം | ഐ കെ എം വിഹിതം അടവാക്കൽ S01/22 | 54380/- (വികസന ഫണ്ട് -സാധാരണ | 54380/- | 92/09.11.2021 |

| | | | | |
|---|---|---|---|---|
| | | വിഹിതം) | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S83/22 | 200000/- (തനത് ഫണ്ട്) | 12479/- | 215/ 14.02.2022 തുക 4545/- 368/ 26.03.2022 തുക 7934/- |
| | | ആകെ | 66859/- | |

മേൽ പരാമർശിത പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 21.01.2023 ലെ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 66859/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി മുടക്കുഴ എറണാകുളം ജില്ലാപഞ്ചായത്തുമായി സംയുക്തമായി ഏറ്റെടുത്ത പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ട് നം/പേര് | ചെലവഴിച്ച തുക/ബിൽ നം , തിയതി | തുക അടവാക്കിയ സ്ഥാപനത്തിന്റെ പേര് | അക്കൗണ്ട് നം |
|---|---|---|---|---|
| 1 | 220/22 സ്റ്റെങ്ങ്തെനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് അടങ്കൽ - 20000/(തനതുഫണ്ട്) ചെലവ് - 20000/' | 20000/- ചെക്ക് നം- 3319627/03.03.22 | സെക്രട്ടറി, ജില്ലാപഞ്ചായത്ത് | 799013100000010 |
| 2 | 198/22 ഡയാലിസിസ് രോഗികൾക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തൽ അടങ്കൽ - 67500/(വി. ഫണ്ട് 17500/ തനത് ഫണ്ട് -50000/ | 50000/ ചെക്ക് നം -3319627/03.03.22 | ,, | ,, |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10/21.01.23) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 70000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മുടക്കുഴ നിർവ്വഹണം നടത്തിയ താഴെ പറയുന്ന വിവിധ പദ്ധതികളിലായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അവരുടെ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ അടവാക്കിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ട് നം/പേര് | ലഭിക്കാനുള്ള മരുന്നിന്റെ തുക/ബിൽ നം, തിയതി | പ്രൊഫോർമ ഇൻവോയിസ് നം , തിയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1 | 88/22 പി.എച്ച്. സിയിലേക്ക് മരുന്ന് വാങ്ങൽ അടങ്കൽ- 1200000/ ചെലവ് - 1185922/ | 266467/- ലഭിക്കാനുള്ള മരുന്നിന്റെ ബിൽ നം.20/30.07.21 | PRF 664 14/6/21 | 255717/- | 10750/- |
| | | 303863/- ബിൽ നം.49/02.09.21 | PRF 1623 11/08/21 | 210572/- | 93291/- |

| | | | | | |
|---|---|---|---|---|---|
| 2 | 99/22 കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം അടങ്കല്- 600000/ | 117010/- ബിൽ നം. 346/25.3.22 | PRF7 6998/17 17/3/22 | 0 | 67366/- |
| | | | | | 171407 / |

171407/- തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8/20.01.22) നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനക്കായി ഹാജരാക്കുന്നതുവരെ 171407/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ഹോമിയോ മരുന്ന് ലഭ്യമായില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, മുടക്കുഴ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസിയ്ക്ക് അവരുടെ പ്രഫോർമ ഇൻവോയിസിൻറ അടിസ്ഥാനത്തിൽ തുക മുൻകൂർ നൽകിയിരിക്കുകയാണ്. എന്നാൽ നാളിതുവരെ അടവാക്കിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ട് നം/പേര് | ചെലവഴിച്ച തുക/ബിൽ നം, തിയതി | പ്രൊഫോർമ ഇൻവോയിസ് നം , തിയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1 | 12/22 ഹോയിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ അടങ്കൽ -225000/ ചെലവ്- 225000/- | 200000/- 174/20.01.22 | PF 1365 17/01/22 | 73184/- | 126816/- |
| | | 101/- UTR NO EDCBH22047927535/16.02.22 | Order/07D59 /21-22 /3DT21.01.22 | 0 | 101/- |
| | | | | | 126917/- |

*126917/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 9/21.01.23) മറുപടി യിൽ ആയവ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ 126917/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.*

## 1-27 നായകൾക്ക് ലൈസൻസ്

വെറ്ററിനറി സർജന്റെ പ്രോജക്ട് - പേവിഷബാധ നിർമാർജ്ജനം, നം. 163/21-22(so) , പ്രകാരം 15,000/- രൂപ ചെലവഴിച്ച് 368 നായകൾക്ക് പേ വിഷബാധയ്ക്ക് വാക്സിൻ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം RP- 4 Fee & User Charges - 140110109, ലൈസൻസ് ഫീ ഫോർ ഡോഗ്സ് എന്ന ഹെഡിൽ വരവ് 410/- രൂപ മാത്രമാണ്. മേൽപ്രോജക്ട് പ്രകാരം വാക്സിനേഷൻ നൽകിയ 368 നായകൾക്ക് ലൈസൻസ് നൽകിയിരുന്നു എങ്കിൽ 368 X 10 = 3680/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ വരവ് ഉണ്ടാകുമായിരുന്നു. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ 368 നായകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും ചെയ്യാമായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 4/23 20/1/23 നൽകിയതിനുള്ള മറുപടിയിൽ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ നായ്ക്കളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-28 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, 10/22 |
| അടങ്കൽ | 320000/-(എസ്.സി.പി) |
| ചെലവ് | 320000/- |
| ബിൽ നം | 310/17.03.22 - 150000/-<br>372/ 27.03.22 - 170000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്ധ്യോഗസ്ഥനായ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സ്റ്റീൽ ഫർണീച്ചറുകൾ (സ്റ്റീൽ ടേബിൾ 64, സ്റ്റീൽ ചെയർ 64 ) ആർട്ട്കോയിൽ നിന്ന് ഇൻവോയിസ് നം 17137 തി 14.02.22 പ്രകാരം സപ്ലൈ ഓർഡർ നം 557/9.03.22 ന് 30 എണ്ണം വീതം ടേബിളും ചെയറും സപ്ലൈ ഒർഡർ നം 778/26.03.22 ന് 34 എണ്ണം വീതം ടേബിളും ചെയറും ഉൾപ്പെടെ ആകെ 64എണ്ണം വാങ്ങി. ഗുണഭോക്താക്കളായ 64 പേരിൽ 63 പേർക്ക് മാത്രമേ സ്റ്റീൽ ഫർണീച്ചറുകൾ വിതരണം ചെയ്തിട്ടുള്ളൂ. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അർഹരായ വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിച്ച് അർഹനായ ഒരു വിദ്യാർത്ഥിയ്ക്ക് ഫർണീച്ചറുകൾ നൽകിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16/23.01.23) ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തത് മൂലമാണ് വിതരണത്തിന് തടസ്സം നേരിട്ടതെന്നും അവശേഷിക്കുന്ന ഒരു പഠനോപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. അവശേഷിക്കുന്ന ഒരു വിദ്യാർത്ഥിക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതുവരെ 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുമ്പോൾ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചർ നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾഅധികൃതർ മുഖേന വിതരണം ചെയ്യണം എന്നീ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 1-29 എസ്.സി.കുടുംബങ്ങൾക്ക് സൗര റാന്തൽ - വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | എസ്.സി.കുടുംബങ്ങൾക്ക് സൗര റാന്തൽ, 11/22 |
| അടങ്കൽ | 182000/-(എസ്.സി.പി) |
| ചെലവ് | 179037/- |
| ബിൽ നം | 179037/- 311/17.03.22 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്ധ്യോഗസ്ഥനായ പദ്ധതി പ്രകാരം 57 ഗുണഭോക്താക്കൾക്ക് സൗര റാന്തൽ (Solar LED Lantern With FM Radio And Mobile Charging Unit) അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. അടങ്കൽ തുക ഡെപ്പോസിറ്റ് ആയി ANERT ന് ഒരു റാന്തലിന് 3141/-രൂപ നിരക്കിൽ (3141*57=179037/-) നൽകിയാണ് സൗര റാന്തൽ വാങ്ങിയത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ 320/-രൂപ വീതം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയത് ചെലവ് രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. 51 ഗുണഭോക്താക്കളിൽ നിന്ന് 320/-രൂപ ഗുണഭോക്തൃ വിഹിതം വീതം ഈടാക്കി സൗര റാന്തൽ വിതരണം ചെയ്തു. 57 ഗുണഭോക്താക്കളിൽ 6 പേരുടെ സൗര റാന്തൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12/21.01.23) ഗുണഭോക്താക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് തടസ്സം നേരിട്ടതിനാലാണ് മുഴുവൻ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യാൻ സാധിക്കാതിരുന്നതെന്ന മറുപടി ലഭിച്ചു. പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ഗുണഭോക്താക്കളുടെ ആവശ്യകതയ്ക്ക് അനുസരിച്ചായിരിക്കേണ്ടതാണ്. 6 ഗുണഭോക്തൃ വിഹിതം (6*320=1920/-) ഈടാക്കി അടവാക്കി 6 റാന്തൽ വിതരണം ചെയ്യുന്നതുവരെ 6 വിളക്കുകളുടെ ചെലവ് തുകയായ 18846/- രൂപ തടസ്സപ്പെടുത്തുന്നു.

.

## 1-30 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -നടപടി സ്വീകരിച്ചില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ 2014-15, 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ നാളിതുവരെ റീഫണ്ട് ചെയ്തിട്ടില്ലാത്തതായി കാണുന്നു .

| ഇനം | തുക | ലഭിച്ച കാലയളവ് |
|---|---|---|
| സപ്ലൈയേർസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 37000 | 21.02.2017 മുതൽ 05.12.2018 വരെ |
| ഓക്ഷൻ ഡെപ്പോസിറ്റ് | 200 | 10.07.2017 |

| | | |
|---|---|---|
| ബിഡ്ഡേഴ്സ് ഇഎംഡി | 47820 | 26.12.2016 മുതൽ 25.03.2019 വരെ |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 18950 | 12.12.2017 മുതൽ 29.11.2018 വരെ |
| കോൺട്രാക്ടേഴ്സ് ഇ എം ഡി | 6100 | 08.03.18 |
| കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ | 190080 | 23.04.2014 മുതൽ 31.03.2018 വരെ |
| സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 3525 | 25.03.15 മുതൽ 30.08.18 വരെ |
| ഹാൾ, ഓഡിറ്റോറിയം എന്നിവയ്ക്ക് ലഭിച്ച ഡെപ്പോസിറ്റ്സ് | 6500 | 29.04.2017 മുതൽ 18.03.2019 വരെ |
| അദർ ഡെപ്പോസിറ്റ് | 9500 | 26.04.2017 മുതൽ 20.12.18 വരെ |

കേരള ഫിനാൻഷ്യൽ കോഡ് വോല്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന ശേഷം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 14.01.20 ലെ തദ്ദേശസ്വയംഭരണ (എ സി) വകുപ്പ് ന്റെ സർക്കാർ ഉത്തരവ് നം.എ സി 1 /125 / 2019 -തസ്വഭവ ഉത്തരവ് പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൃത്യമായി ഉറപ്പ് വരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിക്ഷേപമായി ലഭിച്ച മേൽ തുകകളിന്മേൽ തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 23.01.2023 ലെ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റിന്മേൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് മെറ്റീരിയൽ സപ്ലൈ-സ്രോതസ്സിൽ നിന്ന് ജി എസ് ടി കുറവ് ചെയ്തില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട, GST ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/എം. ബുക്ക് നം. | കരാറുകാരന്റെ പേര് / മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|---|
| വെട്ടിയേലി നെടുങ്കണ്ണി ചുരലിച്ചിറ ഫുട്പാത്ത് കോൺക്രീറ്റിംഗ് 162/2020-21 | കെ എം റോയ്/ 255649/- | 5113/- | 28.07.21 |
| ആകെ | 255649/- | 5113/- | |

നിയമാനുസൃത ജി എസ് ടി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 21.01.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്രോതസ്സിൽ നിന്ന് ജി എസ് ടി കുറവ് ചെയ്യാത്തതിനാൽ കരാറുകാരൻ ജി എസ് ടി അടവാക്കിയതിന്റെ രേഖ ഹാജരാക്കേണ്ടതാണ്.

## 1-32 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം -ഗുണഭോക്തൃവിഹിതം അടവാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/നം | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം 42/20 (2019-20) 108/21(2020-21), 177/22(2021-22) |
| അടങ്കൽ | 42/20 - 868000/ (Scp-649250, തനത്- 1750/-, മറ്റുള്ളവ- 217000)<br>108/21- 868000/ (Scp-649250, തനത്- 1750/-, മറ്റുള്ളവ- 217000)<br>177/22- 524855/( Scp- 306105, തനത്- 1750/-, മറ്റുള്ളവ- 217000) |
| ചെലവ് | 572520/ (എസ്.സ്.പി) |
| ബിൽ നം | 108/21 - ബിൽ നം- 30/11.04.20- 343145/-<br>177/22- ബിൽ നം- 126/15.12.21 -229375/- |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതി 2019-20 ൽ ആരംഭിച്ചതാണ്. പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം നടത്തുന്നതിന് വേണ്ടി വെൽ ടെക് പോളിമേഴ്സിൽ നിന്നും 312

വാട്ടർ ടാങ്കുകൾ വാങ്ങിച്ചു. 2450/- രൂപ നിരക്കിൽ 312 ടാങ്ക് (2450*312=764400/-) വാങ്ങുന്നതിനായി ആകെ തുകയുടെ 75% എസ്.സി.പി ഫണ്ടിൽ നിന്നും 572520/- രൂപ വിതരണക്കാർക്ക് അടവാക്കി. (780/-രൂപ കുറവാണ് അടവാക്കിയത്). ഗുണഭോക്തൃ വിഹിതം ഇനത്തിൽ 615/ രൂപ ഇനത്തിൽ 312 പേരിൽ നിന്നും 191880/രൂപ ഈടാക്കി വിതരണക്കാർക്ക് അടവാക്കേണ്ടതാണ്. മേൽ പദ്ധതി പ്രകാരം ഗുണഭോക്തൃ ഇനത്തിൽ 115005/ രൂപ (187*615) ചെക്ക് നം 683026054 തി.16.03.20 അടവാക്കിയിട്ടുണ്ട്. 2019-20 ഗുണഭോക്തൃ വിഹിതത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 319 പേർ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളതായി കാണുന്നു. ഹാജരാക്കിയ ബില്ലുകൾ പ്രകാരം 312 ടാങ്കുകളാണ് വാങ്ങിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിലും 312 എണ്ണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വിതരണ രജിസ്റ്ററിൽ 324 പേർക്ക് ടാങ്ക് വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഗുണഭോക്തൃ വിഹിതം അടവാക്കിയ 319 ൽ ബാക്കി 7പേർക്ക് ടാങ്ക് വിതരണം നടത്തുന്നത് എങ്ങനെയെന്നും, 312 ടാങ്കുകൾ മാത്രം വാങ്ങിയിരിക്കെ 324 എണ്ണം എപ്രകാരം വിതരണം ചെയ്തു എന്നുള്ളതും വ്യക്തമല്ല. ബാക്കി 125 ഗുണഭോക്താക്കളുടെ 615/ രൂപ വീതം 76875/ ഈടാക്കി വിതരണക്കാർക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

എസ്.സി.പി ഫണ്ടിനത്തിൽ ചെലവഴിച്ച 572520/- രൂപയിൽ നിന്ന് ജി.എസ്.ടി/ ടി.ഡി.എസ് ഇനത്തിൽ(229375-9510/-, 343145-7766) ആകെ 17276/- രൂപ അടവാക്കിയിട്ടുണ്ട്. 312 പേരുടെ 615 രൂപ വീതം (615*312-191880) 191880/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ ജി.എസ്.ടി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കേണ്ടതും ചെലവ് പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 27/24.01.23) ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ വിഹിതവും ആകെ കരാർ തുകയുടെ ജി.എസ്.ടി.യും ഈടാക്കി അടവാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി)- ഗുണഭോക്താവിന് 7500/ രൂപ അധികം അനുവദിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷന് സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഉഷ രാജൻ എന്ന ഗുണഭോക്താവിന് 7500 രൂപ അധികം അനുവദിച്ചു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം11/21.01.23) ഗുണഭോക്താവിന് തുക ലഭിച്ചില്ല എന്ന് അറിയിച്ചതിനാലാണ് പരിശോധിച്ച് രണ്ടാമതും തുക കൈമാറിയത് എന്നും അക്കൌണ്ട് രേഖകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വിശദവിവരം ഭാഗം 3-1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-34 പുരയിടകൃഷി വികസനം സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 47/21-22 പുരയിടകൃഷി വികസനം |
| അടങ്കൽ | ₹500000/- പ്ലാൻ ഫണ്ട്<br>₹125000/- ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ ₹625000/- |
| ചെലവ് | ₹500000/- ബിൽ നമ്പർ/തീയതി : 21120652000500889053/5.1.2022<br>₹125000/- ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ ₹625000/- |

മേൽ പ്രോജക്റ്റ് പ്രകാരം 559 ഗുണഭോക്താക്കൾക്ക് പുരയിടകൃഷി വികസനത്തിനായി 21250കിലോ എല്ലുപൊടി നല്കുന്നതിന് ₹500000/- മുടക്കുഴ സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എല്ലുപൊടി ഗുണഭോക്താക്കൾ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(എം.എസ് ) 22/2018/തസ്വഭവ തീ.14.02.2018 -ലെ സബ്സിഡി മാർഗ്ഗരേഖ ഖ. 6.1.1 പ്രകാരം കർഷകർ/അയൽക്കൂട്ടങ്ങൾ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ജൈവവളങ്ങൾ സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം ജൈവവളങ്ങൾ വാങ്ങിക്കുന്നതിന് പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പർചേസിംഗ് കമ്മിറ്റി തീരുമാനം ഹാജരാക്കേണ്ടതാണ്. ഇവയൊന്നും ഹാജരാക്കിയിരുന്നില്ല. കൂടാതെ എല്ലുപൊടി കിലോഗ്രാമിന് 33/- രൂപ വീതം (20.03.2020 ലെ ഉത്തരവ് നം.6139/20/സി.പി.ഡി/ഡി.പി.ഒ /ഇ.കെ.എം.പ്രകാരം) യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ 75% ആയ 24.75രൂപയിൽ നിന്നും താഴ്ന്ന 23.52 രൂപ വീതമാണ് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചത്. എന്നാൽ ജില്ലാതലത്തിൽ നിശ്ചയിച്ച നൽകിയിട്ടുള്ള യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 30 രൂപയായിരിക്കെ ഇതിന്റെ 75% ആയ 22.50

രൂപയാണ് പ്ലാൻ ഫണ്ടിൽ നിന്നും സബ്സിഡിയായി അനുവദിക്കാവുന്നത്. ഇത് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും ആകെ ചെലവഴിക്കാവുന്ന തുക 478125/-രൂപയാണ്. എന്നാൽ 500000/- രൂപയാണ് ടി ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. 21875/-രൂപ അധികമായി ചെലവഴിച്ചത് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/2023 തീ. 18/01/2023 ന മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ 21875/-രൂപ തടസ്സപ്പെടുത്തുന്നു.

### 1-35 കേരസംരക്ഷണ പദ്ധതി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 70/21-22 കേരസംരക്ഷണ പദ്ധതി |
| അടങ്കൽ | ₹300000/- തനതു ഫണ്ട്<br>₹100000/- ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ ₹400000/- |
| ചെലവ് | ₹285675/- ബിൽ നമ്പർ 2210160/തീയതി 23.03.22<br>₹99990/- ഗുണഭോക്തൃ വിഹിതം<br>ആകെ ₹385665/- |

മേൽ പ്രോജക്ട് പ്രകാരം 3809 തെങ്ങുകളുടെ കേരസംരക്ഷണത്തിനായി തെങ്ങൊന്നിന് 75 രൂപ സബ്സിഡിയും 30 രൂപ ഗുണഭോക്തൃ വിഹിതവുമുൾപ്പെടെ 105 രൂപ വീതം ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 30 രൂപാ വീതം ആകെ 99990/- രൂപ മാത്രമാണ് ഈടാക്കിയത് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 21/2023 18/01/2023 നുള്ള മറുപടിയിൽ കേര സംരക്ഷണ പദ്ധതി പ്രകാരം തനത് ഫണ്ട് മൂന്നുലക്ഷം രൂപയും ഗുണഭോക്തൃവിഹിതം ഒരു ലക്ഷം രൂപയുമാണ് പദ്ധതിയിൽ വകയിരുത്തിയിരുന്നത്. പദ്ധതി പ്രകാരം 3809 തെങ്ങിന് പ്ലാൻ ഫണ്ട് 75 രൂപ പ്രകാരം 285675/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി ഒരു ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത് എന്നാൽ 3809 തെങ്ങിന്റെ ഗുണഭോക്തൃ വിഹിതമായി 30 രൂപ പ്രകാരം 114270/- രൂപ ഉൾപ്പെടുത്തേണ്ടതായിരുന്നു. ബാക്കി വന്ന 14280/- രൂപ ഇല്ലാതിരുന്നതിനാൽ കർഷകർ നേരിട്ട് ഏജൻസിയിലേക്ക് നൽകിയിട്ടുള്ളതെന്നുമാണ് മറുപടി നൽകിയത്. പദ്ധതി രൂപീകരിക്കുമ്പോൾതന്നെ കൃത്യമായ ഗുണഭോക്തൃ വിഹിതം കണക്കാക്കി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-36 സാക്ഷരത പ്രേരക്കിന് ഹോണറേറിയം

പഞ്ചായത്ത് പരിധിയിൽ വരുന്ന തുടർ വിദ്യാകേന്ദ്രത്തിലെ സാക്ഷരത പ്രേരക്മാരായ ശ്രീമതി രാധിക, ശ്രീമതി ബിന്ദു എന്നിവർക്ക് വൌച്ചർ നം 22100017 തീയതി 08/05/2022 പ്രകാരം 13024/-രൂപ തനതുഫണ്ടിൽ നിന്നും സാക്ഷരത പ്രേരക് മാർക്കുള്ള ഹോണറേറിയം നൽകിയതായി കാണുന്നു. ഹോണറേറിയത്തിനുള്ള സർക്കാർ വിഹിതം സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഹോണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഹോണറേറിയം നൽകിയ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 3/23 തീയതി 20/1/23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ലഭ്യമാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി)- ഗുണഭോക്താവിന് 7500/- രൂപ അധിക അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി), 176/22 (So) |
| അടങ്കൽ | 135000/-(എസ്.സി.പി) |
| ചെലവ് | 21000/- |
| ബിൽ നം | 7500/-, 153/12.01.22<br>6000/-, 209/ 09.02.22<br>7500/-, 279/ 08.03.22 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷന് സബ്സിഡി ഇനത്തിൽ യഥാർത്ഥ ചെലവ് അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. വി.ടി. തമ്പി വാരിക്കാട്ടിൽ, ഉഷ രാജൻ ഞാലുപടി ഹൗസ്, എന്നിവരാണ് ഗുണഭോക്താക്കൾ. വി.ടി തമ്പി എന്ന ഗുണഭോക്താവിന് 6000/- രൂപയും ഉഷ രാജൻ എന്ന ഗുണഭോക്താവിന് 7500/- രൂപയും ആണ് അനുവദിക്കേണ്ടത്. എന്നാൽ ഉഷ രാജൻ എന്ന ഗുണഭോക്താവിന് ബിൽ നം 153/12.01.22 (UTR NO -RBI0182259894773) പ്രകാരം 7500/- രൂപയും, ബിൽ നം 279/08.03.22 (UTR NO -RBI0712261056348) പ്രകാരം 7500/- രൂപയും ഉൾപ്പെടെ ആകെ 15000/- രൂപ അനുവദിച്ചു. ഇതുപ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് രണ്ട് തുകകളും (7500 + 7500) ക്രെഡിറ്റ് ചെയ്തു. ഉഷ രാജൻ എന്ന ഗുണഭോക്താവിന് 7500/- രൂപ അധികം അനുവദിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

### 3-2 പാലിയേറ്റീവ് ആംബുലൻസ് ഡ്രൈവർക്ക് 3650/ രൂപ അധിക വേതനം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര്/ നം | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം, 99/22 |
| അടങ്കൽ | 800000/- (600000- വി. ഫണ്ട്, 200000- മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 539678/-(വി.ഫണ്ട് 199990 മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം | 48/16.08.21 -3650/- (26831 വി.ഫണ്ട് ) |

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ പി.എച്ച്. സി യിൽ 2021 ജൂൺ മാസത്തിൽ പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട ഭവന സന്ദർശത്തിന് ആംബുലൻസ് ഓടിച്ച ഇനത്തിൽ ഡ്രൈവർ വിപിൻ പി എന്നയാൾ 24.6.2021, 25.06.21, 26.06.21, 28.06.21, 29.06.21 എന്നീ തിയതികളിൽ 5 ദിവസത്തെ വേതനം ഇനത്തിൽ 3650/ രൂപ (730*5) കൈപറ്റിയിട്ടുണ്ട്. എന്നാൽ ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 21.50.21 മുതൽ 30.06.21 വരെ DCC (ഡൊമിസിലറി കെയർ സെന്റർ) യിൽ ഡ്യൂട്ടിയായി രേഖപ്പെടുത്തിയിട്ടുള്ളതും മേൽ ദിനങ്ങളിലെ ലോഗ് ബുക്കിൻറെ 4 പേജുകൾ (75-78) രേഖപ്പെടുത്തലുകൾ നടത്താതെ ഒഴിച്ചിട്ടിരിക്കുന്നതായും കാണപ്പെട്ടു. ഡി.സി.സി യിൽ ഡ്യൂട്ടി ആയിരിക്കെ പാലിയേറ്റീവ് ആംബുലൻസ് ഓടിച്ച ഇനത്തിൽ വേതനം 3650/ നൽകി. ഡി.സി.സി യിൽ ഡ്യൂട്ടിയിലിരിക്കെ നൽകിയ 3650/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 500000/- | S44/2 നെൽക്കൃഷി | 500000/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | കൂലിച്ചെലവ് സബ്സിഡി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 375000/- | 81/22 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 375000/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 375000/- | 81/22 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 375000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 230000/- | 49/22 പാൽ സബ്സിഡി | 230000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 780000/- | S27/22 ലൈഫ് ഭവനപദ്ധതി | 780000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 83/22 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 215/ 14.02.2022<br>368/ 26.03.2022 | 4545/-<br>7934/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| | | ആകെ | 12479/- | | |

ഈ തുക വാർഷിക ധനകാര്യപത്രികയിൽ നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക എന്ന ഇനമായി ഉൾപ്പെടുത്തേണ്ടതിന് പകരം 350109999 Amount Payable To Other Creditors എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (തൻവർഷ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ (കെ യു ആർ ഡി എഫ് സി) | സ.ഉ.(കൈ) നം. 68 /2018/ ത.സ്വ.ഭ.വ. / 18.05.2018 | 0 | 2786385 | 1246667 | 0 | 1539718 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37740/- രൂപയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ തുകയിൽ ഡി&ഒ ലൈസൻസ് ഇനത്തിലെ വരവ് Prior Period Income എന്ന ഹെഡ്ഡിലും തൊഴിൽ നികുതി ഇതേ ഇനത്തിന്റെ വരവിനൊപ്പവുമാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 & 2019-20 | 2-1, 1-14-1 | 5000/- | എ പി പൗലോസ്, എടക്കര | 1210102963/ 08.03.2022 |
| 2018-19 & 2019-20 | 2-1, 1-14-1 | 5000/- | റോയ്, കാരിപ്ര | 1210103379/ 26.03.2022 |
| 2018-19 & 2019-20 | 2-1, 1-14-1 | 5000/- | കെ എൻ കൈലാസനാഥൻ, കൊരുമ്പുമഠം | 1210101357/ 02.12.2021 |
| 2018-19 & 2019-20 | 2-1, 1-14-1 | 5000/- | ബിനോയ് ജേക്കബ്, കീച്ചേരി | 1210102009/ 31.12.2021 |
| 2018-19 & 2019-20 | 2-1, 1-14-1 | 5000/- | എ ജെ തോമസ്, അയ്യായത്തിൽ | 1210103263/ 23.03.2022 |
| 2018-19 & 2019-20 | 2-1, 1-14-1 | 5000/- | സോജൻ എൻ ജോർജ്ജ്, നെല്ലിക്കാക്കുടി | 1210102298/ 20.01.2022 |
| 2019-20 | 1-14-2 | 2640/- | ഹെഡ്മാസ്റ്റർ, ശ്രീശങ്കര വിദ്യാനികേതൻ | 1210100452/ 20.07.2021 |
| 2019-20 | 2-2 | 200/- | ശ്രീകാന്ത്, താണാട്ടുകുടി | 1210100429/ 19.07.2021 |
| 2019-20 | 2-2 | 200/- | രാജീവ് പി കെ, പെരിഞ്ചേരി | 1210100380/ 09.07.2021 |
| 2019-20 | 2-2 | 400/- | ആർ ഗോപാലകൃഷ്ണൻനായർ, ചെമ്പോത്തിനാൽ | 1210100811/ 13.09.2021 |
| 2019-20 | 2-2 | 200/- | ബെന്നി എബ്രഹാം, എടക്കര | 1210100365/ 08.07.2021 |
| 2019-20 | 2-2 | 300/- | ആർ മണി, പെരിഞ്ചേരിമഠം | 1210101382/ 03.12.2021 |

| | | | | |
|---|---|---|---|---|
| 2019-20 | 2-2 | 300/- | സി എൻ വേലായുധൻ,<br>ചുള്ളിപ്പറമ്പിൽ | 1210100318/<br>05.07.2021 |
| 2019-20 | 2-2 | 200/- | അന്നക്കുട്ടി പൗലോസ്,<br>പുന്നേടത്ത് മൂലയിൽ | 1210100337/<br>06.07.2021 |
| 2019-20 | 2-2 | 300/- | കെ കെ എൽദോ,<br>കാരിക്കുടി | 1210100333/<br>06.07.2021 |
| 2019-20 | 2-2 | 300/- | കെ എം വിജയൻ,<br>കന്യാകുഴി | 1210100404/<br>14.07.2021 |
| 2019-20 | 2-2 | 300/- | വി കെ രവി,<br>വട്ടപ്പാറ | 1210101520/<br>09.12.2021 |
| 2019-20 | 2-2 | 400/- | റെജി കുര്യാക്കോസ്,<br>തോളാലിൽ | 1210100312/<br>05.07.2021 |
| 2019-20 | 2-2 | 200/- | ഗൗരി ഭാസ്കരൻ,<br>നാളോത്തുകുടി | 1210100549/<br>30.07.2021 |
| 2019-20 | 2-2 | 300/- | സുധീർ സി സി,<br>ചന്ദ്രത്തിൽ | 1210100360/<br>08.07.2021 |
| 2019-20 | 2-2 | 300/- | സെക്രട്ടറി,<br>സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,<br>മുടക്കുഴ | 1210100310/<br>05.07.2021 |
| 2019-20 | 2-2 | 300/- | ആന്റണി പോൾ,<br>പാമ്പ്രക്കാരൻ | 1210100136/<br>26.04.2021 |
| 2019-20 | 2-2 | 300/- | എം പി പത്രോസ്,<br>പാമ്പ്രക്കാരൻ | 1210101894/<br>27.12.2021 |
| 2019-20 | 2-2 | 300/- | ഷേർലി ജോയ്,<br>ഇടശ്ശേരി | 1210101449/<br>06.12.2021 |
| 2019-20 | 2-2 | 300/- | സിബിൻ സി വി,<br>ചാത്തനാടൻ | 1210100535/<br>29.07.2021 |

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

### 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65059026/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64463495/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11150/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 480904/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |
| 3-1 | ---- | 7500 | സേതു ആർ.<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | ----- | 3650 | രജിക കുട്ടപ്പൻ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മുടക്കുഴ |
| ആകെ | ---- | 11150 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 66859 | ശ്രീമതി സാവിത്രിക്കുട്ടി പി എൻ, സെക്രട്ടറി |
| 1-24-1 | 70000 | ഡോ. രജിക കുട്ടപ്പൻ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-25 | 171407 | ഡോ.രജിക കുട്ടപ്പൻ,മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-26 | 126917 | ഡോ.സ്മിത കെ മോഹൻ,മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-29 | 18846 | ശ്രീ. സേതു, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 5000 | ശ്രീ. സേതു, അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 21875 | ശ്രീമതി അഞ്ജന എസ്, കൃഷി ഓഫീസർ |
| ആകെ | 480904 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഈടാക്കേണ്ട GST | സ്ഥാപനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-31 | 5113 | GST വകുപ്പ് | ശ്രീമതി അതിഥിദേവി ഡി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സാവിത്രിക്കുട്ടി പി എൻ, സെക്രട്ടറി | സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് | മാങ്കുളം ഇല്ലം, പുന്നയം, അശമന്നൂർ |
| ശ്രീമതി അതിഥിദേവി ഡി സെക്രട്ടറി | വിരമിച്ചു | ചന്ദ്രമന ഇല്ലം, കോട്ടപ്പടി പി ഒ |
| ഡോ.സ്മിത കെ മോഹൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ മുടക്കുഴ ഗ്രാമപഞ്ചായത്ത് | കൊല്ലാത്ത് വീട് ഐമുറിക്കര പി ഒ |
| ഡോ.രജിക കുട്ടപ്പൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, മുടക്കുഴ ഗ്രാമപഞ്ചായത്ത് | പൂഴിക്കുന്നേൽ വീട് കൂവപ്പടി പി ഒ |
| ശ്രീ. സേതു കെ.ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് | കൊല്ലംമാവുകുടി കോട്ടപ്പടി പി ഒ |
| ശ്രീമതി അഞ്ജന എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ മുടക്കുഴ ഗ്രാമപഞ്ചായത്ത് | നിഹാരിക വില്ല നം.11 വി ജെ ലാവണ്ടർ, ചേർത്തല |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | |
| 1998-1999 | |
| 1999-2000 | |
| 2000-2001 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015, തീയതി: 28.01.2016 |
| 2001-2002 | |
| 2002-2003 | |
| 2003-2004 | |

| | |
|---|---|
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10, തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10, തീയതി: 02.11.2011 |
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10, തീയതി: 02.11.2011 |
| 2007-2008 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ.(പി2)-1137/12, തീയതി: 12.09.2012 |
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14, തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16, തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി2) 2245/16, തീയതി.10.01.2017 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി2) 2026/17, തീയതി.22.11.2017 |
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി2) 155/19, തീയതി.18.03.2019 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി2) 1193 /2019, തീയതി.06.09.2019 |
| 2019-20 | കെ.എസ്.എ ഇ.കെ.എം(പി2) 512 /21, തീയതി.31/03/2021 |
| 2020-21 | കെ.എസ്.എ ഇ.കെ.എം(പി2) 1076 /22, തീയതി 08.08.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്